# Desabhimni

## 28 August 2018

## Mattancherry ; Kochi’s Handmaiden to Kadamakudi Village



### കടമക്കുടി ഗ്രാമത്തിന് കൊച്ചിയുടെ കൈത്താങ്ങ്

**മട്ടാഞ്ചേരി**

കടമക്കുടി ഗ്രാമത്തിന് കൈത്താങ്ങായി കൊച്ചി നഗരസഭ ഇരുപത്തിയെട്ടാം ഡിവിഷൻ കൗൺസിലറും, എഡിഎസ് അംഗങ്ങളും. പ്രളയദുരിതത്തിൽ എല്ലാം നഷ്ടപ്പെട്ടർക്കായി അഞ്ച് ലക്ഷം രൂപയുടെ സാധനങ്ങളുമായി വാഹനം ഗ്രാമത്തിലേക്ക് പോയി. കൗൺസിലർ ബെനഡിക്ട് ഫെർണാണ്ടസിന്റെ നേതൃത്വത്തിൽ ഉപ്പ് തൊട്ടുള്ള പല വ്യഞ്ജനങ്ങൾ, കുടിവെള്ളം, പയർ ഉൽപന്നങ്ങൾ എല്ലാം അടങ്ങുന്ന വാഹനമാണ് പോയത്. കൂടാതെ ബക്കറ്റ്, കോരി ,ചീനച്ചട്ടി അടക്കമുള്ളവയുമുണ്ട്.

ഫോർട്ട് കൊച്ചി വെളി പള്ളത്ത് രാമൻ ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ എഡിഎസ് അംഗങ്ങൾ ദുരിതാശ്വാസ നിധിയിലേക്ക് ഒരു പവൻ സ്വർണ്ണം സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അംഗം കെ ജെ ജേക്കബിന് കൈമാറി. ബി ഹംസ അധ്യക്ഷനായി. കെ ജെ മാക്സി എംഎൽഎ, കോസ്റ്റ് ഗാർഡ് കമാൻഡന്റ് ജിത്തു ജോബ്, കൗൺസിലർ ബെനഡിക്ട് ഫെർണാണ്ടസ്, കടമക്കുടി പഞ്ചായത്ത് പ്രസിഡന്റ്ശാലിനി, സിഐ പി രാജ്കുമാർ, സിഐ കെ ജി അനീഷ്, വടിവേൽ, കെ ജെ തോമസ്, ശശിധരൻ, ഗിരിജ പ്രദീപ്, ബിന്ദു സുനിൽ എന്നിവർ സംസാരിച്ചു.